**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1291** **30-06-2026-ൽ മറുപടിയ്ക്ക്**

**എം. ജി. സർവകലാശാലയിലെ നിയമനങ്ങൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. സജി ചെറിയാൻ

ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** എം. ജി. സർവകലാശാലയിലെ സ്റ്റാറ്റ്യൂട്ടറി ചാപ്റ്റർ 12 (5) പ്രകാരവും ടി സർവകലാശാലയിലെ ആക്ട് ചാപ്റ്റർ 4, 28 പ്രകാരവും ബോർഡ് ഓഫ് സ്റ്റഡീസിൽ അംഗങ്ങളെ നിയമിക്കുമ്പോൾ യൂണിവേഴ്സിറ്റി കോളേജ് തലത്തിലെ ഏതെല്ലാം തസ്തികകളിൽ ഉള്ളവരെയാണ് നിർദ്ദേശിക്കുന്നത് എന്ന് വിശദീകരിക്കുമോ;

**മറുപടി:**

- മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 ചാപ്റ്റർ 4 സെക്ഷൻ 28 പ്രകാരം അതാത് ബോർഡ് ഓഫ് സ്റ്റഡീസിന്റെയും ചെയർമാൻ ആയി വകുപ്പ് മേധാവിയെ നിയമിക്കേണ്ടതാണ്.
- സർവ്വകലാശാലയിലെയും കോളേജുകളിലെയും അദ്ധ്യാപകരുടെ ഇടയിൽ നിന്നും റൊട്ടേഷൻ അനുസരിച്ച് ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന സ്റ്റാറ്റ്യൂട്ട് പ്രകാരമുള്ള എണ്ണം അംഗങ്ങൾ.
- വിദ്യാഭ്യാസരംഗത്തെ വിദഗ്ധരുടെ ഇടയിൽനിന്നും ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന സ്റ്റാറ്റ്യൂട്ട് പ്രകാരമുള്ള എണ്ണം അംഗങ്ങൾ.

**(ബി)** പ്രസ്തുത സർവകലാശാലയിലെ ആക്ടിലെ മാനദണ്ഡങ്ങൾ ലംഘിച്ച് മ്യൂസിക്, ലോ, ഇസ്ലാമിക് ഹിസ്റ്ററി, പെർഫോമിംഗ് ആർട്സ് എന്നീ വിഷയങ്ങളിൽ ബോർഡ് ഓഫ് സ്റ്റഡീസിലെ അംഗങ്ങളെ നിർദ്ദേശിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

**മറുപടി:** ഇല്ല.

**(സി)** മാനദണ്ഡങ്ങൾ ലംഘിച്ച് ബോർഡ് ഓഫ് സ്റ്റഡീസിലെ അംഗങ്ങളെ നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ ആയതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

**മറുപടി:** ഇല്ല.

**സെക്ഷൻ ഓഫീസർ**